
# ശുദ്ധിയാണ് സിവിൽസർവീസിന്റെ ശക്തി

(ഡി. ബാബു പോൾ)



ഇന്ന് നാം കാണുന്ന തരത്തിലുള്ള സിവിൽ സർവ്വീസ് രണ്ട് നൂറ്റാണ്ട് പോലും പഴക്കമുള്ള ഒരു ഏർപ്പാടല്ല. ഇനി ഒരൻപത് കൊല്ലം കഴിയുമ്പോൾ ഈ സമ്പ്രദായം മാറും എന്നതിലും തർക്കമില്ല, ഭാവിയിലേക്ക് എ ത്തി നോക്കാൻ സർവ്വശക്തൻ കണ്ണ് നൽകിയിട്ടുള്ളവർക്കിടയിൽ. നികുതി, നിയമം, നിയമപാലനം എന്നീ മേഖലകളിലേ യ്ക്ക് സർക്കാർ സേവനം ഒതുങ്ങുമ്പോൾ യഥാസമയം നികുതി കൊടുക്കുകയും നിയമത്തിന്റെ ഉചിതമായ വശത്തുകൂടെ മാത്രം പദസഞ്ചലനം നിർവ്വഹിക്കുകയും ചെയ്യുന്നവർക്ക് സർക്കാരുമായി ഇടപെടേണ്ടിവരുന്ന സന്ദർഭങ്ങൾ ഒരുപാട് കുറയും. എന്നാൽ തൽക്കാലം അതല്ലല്ലോ സ്ഥിതി.

ചീഫ് സെക്രട്ടറിയാണ് എന്നറിയിക്കാതെ ഏതെങ്കിലും സർക്കാരാഫീസിൽ ചെന്നുകയറാൻ മടിയാണ് എന്ന് ശ്രീമാൻ വിജയാനന്ദ് ഈയിടെ പറഞ്ഞു. അരനൂറ്റാണ്ട് മുൻപ് അങ്ങനെ ഒരിടത്ത് ചെന്നുകയറിയതിന്റെ തിക്തസ്മരണ ഇപ്പോഴും എന്റെ മനസ്സിലുണ്ട്. കിള്ളിപ്പാലം സബ്രജിസ്ട്രാർ കച്ചേരിയാണ് സ്ഥലം. എനിക്ക് പെരുമ്പാവൂരിലെ ഒരിത്തിരി സ്ഥലം വിൽക്കണം. ഇന്നത്തെപ്പോലെ ഓടിപ്പോയി മടങ്ങാവുന്ന യാത്രാസൗകര്യങ്ങളില്ല. സബ്കളക്ടർക്ക് അവധി കിട്ടാൻ എളുപ്പവുമല്ല. അതുകൊണ്ടാണ് മുക്ത്യാർ വേണ്ടി വന്നത്. എന്റെ ഓഫീസിനടുത്തുള്ള റജിസ്ട്രേഷൻ ഐ.ജി.യുടെ ഓഫീസിൽ തിരക്കി. എല്ലാം ഓക്കെ, ഡബിളോക്കെ. അന്ന് എനിക്ക് ഒരു ഹെറാൾഡ്കാർ ഉണ്ടായിരുന്നു. സബ്കളക്ടർക്കെന്നല്ല കളക്ടർക്കുപോലും ഔദ്യോഗികവാഹനം ഇല്ലാത്ത കാലം. ഓഫീസിലേക്ക് പോകുന്ന വഴി കിള്ളിപ്പാലത്ത് കയറാൻ നി ശ്ചയിച്ചു. ആ വളപ്പിൽ ഒരു വലിയ മരം ഉണ്ടായിരുന്നു. അതിന്റെ ചുവട്ടിൽ വണ്ടി ഒതുക്കിയിട്ടു. ഓഫീസ് ഉണർന്ന് വരുന്നതേയുള്ളു. അവിടെ ഒരു കസേരയുടെ മുന്നിൽ ഞാൻ ഓച്ഛാനിച്ചുനിന്നു. മൂന്ന് നാല് മിനിട്ട് കഴിഞ്ഞപ്പോൾ അദ്ദേഹം തല പൊക്കി. ഞാൻ വിനയപൂർവ്വം വിഷയം അവതരിപ്പിച്ചു. അദ്ദേഹം രേഖ വാങ്ങി നോക്കി ഒന്നുരണ്ട് തടസ്സവാദങ്ങൾ ഉന്നയിച്ച് മറുവാദം നിരത്തി.

ആൾ എന്നെ അടിമുടി നോക്കി. ഇരുപത്തിയാറ് വയസ്. വൈറ്റ് ആന്റ് വൈറ്റ്. ഫുൾ സ്ലീവ് ഷർട്ട്. നല്ല കഫ് ബട്ടൺ. അഹങ്കാരിയായ ഒരു കോളേജ് കുമാരൻ എന്ന് ധരിച്ചിട്ടുണ്ടാവും. "സാക്ഷി എവിടെ?" എന്നായി പിന്നെ. അതിൽ ഞാൻ വീണു. അക്കാര്യം ഓർത്തിരുന്നില്ല. വിളിച്ചുകൊണ്ടുവരാം എന്ന് പറഞ്ഞ് പുറത്തിറങ്ങിയപ്പോൾ പിൻവിളി. സാക്ഷികൾ പുറത്തുണ്ട്. അത് പ്രൊഫഷണൽ സാക്ഷികളല്ലേ എന്ന് പറഞ്ഞ് ഞാൻ ഇറങ്ങി. 'അവന്റെയൊക്കെ ഒരു ഗമ കളക്ടറാണെന്ന മട്ടിലാണ് 'എന്ന് പറഞ്ഞോ എന്നറിഞ്ഞില്ല.

ഞാൻ ഓഫീസിൽ പോയി ഹെഡ്ക്ളാർക്ക് ശിവരാമനെയും ഡ്രൈവർ സുകുമാരൻ നായരെയും കാറിൽ കയറ്റി മടങ്ങിയെത്തി. ശിവരാമൻ പഴയ സർ സി.പി. യൂണിഫോമിലാണ്. സാധാരണ സർക്കാരുദ്യോഗസ്ഥന്മാരെല്ലാം വെള്ളമുണ്ടും വെള്ളജൂബ്ബായും ധരിക്കണം എന്നായിരുന്നു സർ സി.പി.യുടെ നിയമം ഞാൻ സർവ്വീസിൽ കയറുമ്പോഴും ആ ഇനം അന്യം നിന്നിരുന്നില്ല. ശിവരാമനെ കണ്ടതോടെ സബ്റജിസ്ട്രാർ ചാടിയെഴുന്നേറ്റു. ആ സ്ത്രീ കോപ്പിയിസ്റ്റായി ജോലിയിൽ പ്രവേശിച്ചത് ശിവരാമന്റെ സെക്ഷനിലാണ്. പിന്നെ ബഹളം. ഇരിക്കണം സാർ. മനസ്സിലായി

ല്ല സാർ.. നേരത്തെ ഒന്നറിയിക്കാമായിരുന്നല്ലോ സാർ. ചായയോ കാപ്പിയോ സാർ? ഉഴുന്നുവടയോ ഏത്തയ്ക്കാപ്പമോ സർ? (അന്ന് വടക്കൻ പ്രയോഗം പഴം പൊരി പ്രചരിച്ചിട്ടില്ല. കണ്ണൂർ വരെ ഓടുന്ന വണ്ടികൾ വഴി തിരുവനന്തപുരത്ത് എൺപതുകളുടെ മധ്യത്തിൽ എത്തിയതാണല്ലോ ആ ശബ്ദം.)

തിരിച്ച് ഓഫീസിലെത്തിയപ്പോൾ ഞാൻ ഒരു സ്റ്റാഫ്മീറ്റിങ് വിളിച്ചു മേശയ്ക്കപ്പുറത്ത് നിൽക്കുന്നവന്റെ മനസ്സറിയണം എന്ന് ഉപദേശിച്ചു. പരിശീലനം കഴിഞ്ഞ് കൊല്ലത്ത് സബ്കളക്ടർ ആയി തുടങ്ങുമ്പോൾ അച്ഛൻ എനിക്കെഴുതി; നിന്റെ കീഴ്ജീവനക്കാർ നിന്നെ ഭയപ്പെട്ട് ജോലി ചെയ്യുന്നു എന്ന് കേൾക്കുന്നതിനെക്കാൾ നിന്നോടുള്ള സ്നേഹബഹുമാനങ്ങൾ കൊണ്ട് നിന്നെ അനുസരിക്കുന്നു എന്ന് കേൾക്കാനായിരിക്കും ഞാൻ കാതോർക്കുക. അവർക്ക് ഞാൻ കൊടുക്കുന്ന മാനവും അവരോട് കാട്ടുന്ന മര്യാദയും അവർ പൊതുജനത്തോട് കാട്ടണം. അതിനും മുൻപ്, 1965. ഞാൻ വഞ്ചിയൂർ വില്ലേജ് ഓഫീസർ. ഒരു കാരണവർ വന്നു കാര്യം പറഞ്ഞു. മറുപടി കേട്ടു, ഇറങ്ങി. എന്നിട്ട് എന്തോ ഓർത്തിട്ടെന്നപോലെ നിന്നു പിന്നെ തിരിച്ചുവന്നു. വഴക്കുണ്ടാക്കാനാണെന്ന് ഭയന്നു ഞാൻ. കിട്ടിയത് അനുഗ്രഹം. അല്ല, ഈ ഗുരുത്വം കൊണ്ടാണേ, ഇത്ര ചെറുപ്പത്തിലേ പാർവത്യകാരായില്ലേ? അന്നൊക്കെ പാർവത്യകാരാകണമെങ്കിൽ നാല്പത് -നാല്പത്തഞ്ച് വയസാകണം. പാർവത്യകാരന്മാർ പാന്റ് സിട്ട് തുടങ്ങിയത് എത്രയോ കഴിഞ്ഞാണ്?

മലയാളിയോട് നോ പറയാൻ ക്ലേശം എന്ന ധാരണ തെറ്റാണ്. പറയാം. അപരന് പറയാനുള്ളത് ക്ഷമയോടെ കേട്ടിട്ട് പറയണം, കാര്യകാരണസഹിതം വിശദീകരിക്കണം എന്ന് മാത്രം. 1966 ൽ എനിക്ക് തിരുവനന്തപുരം സബ്കളക്ടറുടെ ഓഫീസിൽ പറയേണ്ടിവന്നത് 2016 ൽ ചീഫ് സെക്രട്ടറിക്ക് വീണ്ടും പറയേണ്ടിവന്നു എന്നതാണ് ശ്രദ്ധിക്കാനുള്ളത്. പന്തീരാണ്ട് കുഴലിൽ കിടന്നാലും വളവ് മാറാത്ത വാലാണോ സർക്കാരുദ്യോഗസ്ഥന്റെ മനസ്സ്!

ജോലിയോടുള്ള പ്രതിബദ്ധതയാണ് മറ്റൊന്ന്. ജോലി ചെയ്യാനാണ് ശമ്പളം; ഫയലുകളിൽ കൊറിയിട്ട് കളിക്കാനല്ല. നമുക്ക് ചട്ടങ്ങൾ ഉണ്ട്. തലനാരിഴ കീറി പരിശോധിച്ച് സംഗതികൾ ആകെ കുരുക്കാനുള്ള ആയുധമാവരുത് ചട്ടങ്ങൾ. കൃത്യസമയത്ത് ഓഫീസിലുണ്ടാവുക, കസേരയിൽ തർക്കിതുവാലക്കൊപ്പം സ്വന്തം ആസനവും ഉണ്ടായിരിക്കുക, ഫയലുകൾ കഴിയുന്നതും അതാത് ദിവസം കൈകാര്യം ചെയ്യുക ഇതൊന്നും അസാധ്യമല്ല. വേരിലും കായ്ക്കാവുന്ന ചക്കയാണത്. വേണമെന്നു തോന്നണമെന്ന് മാത്രം.

സ്വാധീനതകൾക്ക് വഴങ്ങാതിരിക്കുക എന്നത് ഇപ്പറഞ്ഞതിന്റെ തുടർച്ചയാണ്. ഇ. പത്മനാഭനും ഇ.ജെ. ഫ്രാൻസിസും എൻ.ജി.ഒ. യൂണിയൻ സംഘടിപ്പിച്ചത് ഞാൻ സർവ്വീസിൽ കയറിയിട്ടാണ്. അവരുടെ യൂണിയന്റെ സ്വാധീനത്തിന് പോലും അവരവരുടെ ഫയലിന്റെ കാര്യത്തിൽ അവർ വഴങ്ങിയിരുന്നില്ല. പത്മനാഭൻ ആദ്യം പൊതുവിദ്യാഭ്യാസവകുപ്പിൽ ആയിരുന്നു. ഉമാശങ്കർ ആയിരുന്നു ഡയറക്ടർ. അദ്ദേഹം എന്നോട് നേരിട്ട് പറഞ്ഞതാണ് പത്മനാഭൻ അദ്ദേഹത്തിന്റെ ഏറ്റവും നല്ല ഗുമസ്തന്മാരിൽ ഒരാളാണ് എന്ന്.

തിരുവനന്തപുരത്തെ ഒരു ധനാഢ്യന്റെയും വീട്ടിനകം ഞാൻ കണ്ടിട്ടില്ല. ക്ഷണങ്ങൾ ഉണ്ടാവാഞ്ഞിട്ടല്ല. അത് സർക്കാരുദ്യോഗസ്ഥന് ചേർന്നതല്ല എന്ന ബോധ്യം ഉണ്ടായിട്ടാണ്. ശമ്പളത്തിനകത്ത് ഒതുങ്ങാൻ തുടക്കം മുതൽ ശീലിക്കണം.അല്ലെങ്കിൽ പ്രലോഭനങ്ങളിൽ വീഴാൻ എളുപ്പമാണ്.

ഒരു കസേരയോടും ആധമർണ്യം ഉണ്ടാകരുത്. സബ്കളക്ടറായിരുന്ന രണ്ട് കൊല്ലത്തിനിടെ ഞാൻ അഞ്ച് കസേരകളിൽ ഇരുന്നു. നാല്പത് കൊല്ലത്തിനിടെ ഒട്ടാകെ മുപ്പത്തഞ്ചിലും.'ഒരു കസേരയും എന്നെക്കാൾ വലുതാണെന്ന് എനിക്ക് ഒരിക്കലും തോന്നിയിട്ടില്ല' എന്ന് ഉപമുഖ്യമന്ത്രി ആയ വേളയിൽ ആർ.ശങ്കർ പറഞ്ഞപ്പോൾ ഞാൻ സി.ഇ.ടി.യിൽ വിദ്യാർത്ഥിയാണ്. അന്നേ എന്റെ മനസ്സിൽ ശിലാലിഖിതം കണക്കെ ഉറച്ചതാണ് ശങ്കറിന്റെ വാക്കുകൾ. നാല്പത് വയസ്സിൽ ഫിനാൻസ് സെക്രട്ടറി ആയപ്പോഴും അമ്പത്താറ് വയസ്സിൽ തുക്കടാ ആധാരമെഴുത്ത് ഒന്നാം മെമ്പർ ആയി ഒതുക്കപ്പെട്ടപ്പോഴും എന്റെ പിടലിഉളുക്കുകയോ മീശ ചെറുതാവുകയോ ചെയ്തില്ല. ശങ്കറിന്റെ വാക്കുകൾ ഓരോ സർക്കാരുദ്യോഗസ്ഥനും വേദവാക്യം പോലെ കരുതണം!

അപ്പോൾ രാഷ്ട്രീയ സ്വാധീനമോ എന്ന് ചോദിക്കാം. അവിടെയും ഓർക്കാൻ ഒരു സൂക്തം ഉണ്ട്. ടുഡേയ്സ് മിനിസ്റ്റർ ഈസ് ടുമോറോസ് പെറ്റീഷണർ. ഇന്നത്തെ മന്ത്രി നാളത്തെ ഹർജിക്കാരനാണ്. അതിനർത്ഥം മന്ത്രിയെ അതിരിനപ്പുറം ഭയപ്പെടേണ്ടതില്ലെന്നും ഓരോ ഹർജിക്കാരനും മന്ത്രിയെപ്പോലെ ആദരിക്കപ്പെടണമെന്നും ആണ്.

പ്രശ്നങ്ങൾ ഉണ്ടാകാം. ഗൗരിയമ്മ എന്നെ ആലപ്പുഴയിൽ സബ്കളക്ടറാക്കി. പി.സി. അലക്സാണ്ടർ തെറിച്ചതിന് ശേഷം പരീക്ഷ ജയിച്ച് എത്തുന്ന ആദ്യത്തെയാൾ. പോയപ്പോൾ മാതൃനിർവ്വിശേഷമായ വാത്സല്യത്തോടെ സാനഡുവിന്റെ ഒന്നാംനിലയിൽ ഒരു സോഫയിൽ ചമ്രം പടിഞ്ഞിരുന്നു കൊണ്ട് പറഞ്ഞു. "എന്റെ സ്ഥലമാണ്. ശുപാർശക്കാർ വരും. അയാം എ പൊളിറ്റീഷ്യൻ. ഞാനും ചിലപ്പോൾ വിളിച്ചെന്ന് വരാം. ബട്ട് റിമംബർ യു ആർ യങ്. യു ഹാവ് എ ലോങ് കരിയർ. അതുകൊണ്ട് ചെയ്യാവുന്നത് മാത്രം ചെയ്താൽ മതി. ഡു ഒൺലി വാട്ട് യു തിങ്ക് ഈസ് റൈറ്റ്." നാല്പത്തിനാലാം ദിവസം ട്രാൻസ്ഫറായി. അത് ഗൗരിയമ്മയുടെ കുറ്റമല്ല. അവർ ഇഷ്ടപ്പെട്ട് മാറ്റിയതല്ല. ആ ട്രാൻസ്ഫർ കൊണ്ട് എന്റെ സ്വഭാവം മാറിയില്ല. ഗൗരിയമ്മയുടെ വാക്കുകളുടെ വില പോയതുമില്ല. ചില കസേരകൾ കനകസിംഹാസനങ്ങളാകാം. ചിലത് കുപ്പത്തൊട്ടികളും. രണ്ടിനെയും നിർമ്മമതയോടെ കാണാനാണ് സിവിൽ സർവ്വീസ് ശീലിക്കേണ്ടത്.

സംശുദ്ധമായ സിവിൽ സർവ്വീസ് ആണ് ജനാധിപത്യത്തിന്റെ സുരക്ഷാകവചം. സിവിൽ സർവ്വീസിനാകട്ടെ അതിന്റെ ശുദ്ധിയാണ് ശക്തി.